(എഫ്) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ജി) അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്ത ജൂനിയർ/സീനിയർ ടീച്ചർമാരുടെ കണക്ക് വ്യക്തമാക്കാമോ ; പ്രസ്തുത ഒഴിവുകൾകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

എച്ച്.എസ്.എസ്.ടി.അദ്ധ്യാപക തസ്തികകളിലെ പ്രശ്നങ്ങൾ

58 (1078) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിഭാഗത്തിൽ നിലനിൽക്കുന്ന എച്ച്.എസ്.എസ്.ടി. സീനിയർ, ജൂനിയർ വിഭാഗം അദ്ധ്യാപക തസ്തികകളിൽ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നയം വ്യക്തമാക്കാമോ ;

(ബി) 2015 മേയ് 31 വരെയുള്ള കണക്ക് അനുസരിച്ച് ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ എച്ച്.എസ്.എസ്.ടി. ഹിന്ദി സീനിയർ വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു എന്നറിയിക്കാമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച് ലബ്ബ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള 8-1-2015-ലെ ഉദ്യോഗസ്ഥതല യോഗത്തിൽ ഹയർസെക്കന്ററി അദ്ധ്യാപകരുടെ എൻട്രി കേഡർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)-നെ പുനഃനാമകരണം ചെയ്ത് എച്ച്.എസ്.എസ്.റ്റി. ആക്കുവാനും എച്ച്.എസ്.എസ്.റ്റി. തസ്തികയെ എച്ച്.എസ്.എസ്.റ്റി (സീനിയർ) എന്ന് പുനഃനാമകരണംചെയ്ത് എച്ച്.എസ്.എസ്.റ്റി.യുടെ പ്രൊമോഷൻ തസ്തിക ആക്കുവാനും എച്ച്.എസ്.എസ്.റ്റി., എച്ച്.എസ്.എസ്.റ്റി (സീനിയർ) എന്നീ തസ്തികകൾ 1:1 എന്ന അനുപാതത്തിൽ നിർണ്ണയിക്കുവാനും തീരുമാനിച്ചെങ്കിലും അദ്ധ്യാപക സംഘടനകൾ ഒന്നടങ്കം എതിരഭിപ്രായം ഉന്നയിച്ചതിനാൽ, നിലവിലുള്ളരീതി തന്നെ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ 9 ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹിന്ദി സീനിയർ തസ്തികയിലെ നിലവിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല. സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്രൊബേഷൻ പൂർത്തീകരിച്ച് പ്രൊമോഷന് യോഗ്യരായ ജൂനിയർ അദ്ധ്യാപകർ നിലവിലുള്ളതിനാൽ ഹിന്ദി സീനിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ തസ്തികമാറ്റ നിയമനം നൽകുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുകയാണ്.

എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലെ നിയമനം

59 (1079) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ ഏത് രീതിയിൽ നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾക്ക് ആനുപാതികമായി ജൂനിയർ തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തുമോ ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവുകൾ തസ്തികമാറ്റംവഴിയുള്ള നിയമനത്തിനും ബാധകമാണോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

എച്ച്.എസ്.എസ്.റ്റി. മാരുടെ പൊതു സ്ഥലമാറ്റം

60 (1080) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി.-മാർക്ക് പൊതു സ്ഥലമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡപ്രകാരം എച്ച്.എസ്.എസ്.റ്റി.-മാരുടെ 2015 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly